**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4813** **13-03-2023 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് കോങ്ങാട് മണ്ഡലത്തിലെ കരിമ്പന പഞ്ചായത്തിൽ നിന്നും കോങ്ങാട് പഞ്ചായത്ത് വരെയുള്ള 12 കിലോമീറ്റർ പൈപ്പ് ലൈൻ ഇടുന്നതിന്റെ ഭാഗമായി, ദേശീയപാതക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടത്തിപ്പ് മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; തടസങ്ങൾ ഒഴിവാക്കി ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കുമോ? | (ബി) | പാലക്കാട് പ്രൊജക്ട് ഡിവിഷന്റെ കീഴിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയപാത 966 ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജംഗ്ഷൻ വരെ (ചെയിനേജ് 111.60-123.60) 12 കിലോമീറ്റർ ഇരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി 08.07.2021 ന് റോ പോർട്ടൽ വഴി പി.ഡബ്ല്യു.ഡി. (എൻ.എച്ച്.) ന് അപേക്ഷ സമർപ്പിച്ചു. എന്നാൽ എൻ.എച്ച്.എ.ഐ. ഓഫീസിലേക്കാണ് അപേക്ഷ കൊടുക്കേണ്ടത് എന്ന് പറഞ്ഞ് അപേക്ഷ തിരിച്ചയക്കുകയുണ്ടായി. അതിൻ പ്രകാരം 05.10.2021 ന് ചന്ദ്രനഗറുള്ള എൻ.എച്ച്.എ.ഐ. ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാകലക്ടറുടെ അധ്യക്ഷതയിലുള്ള ഡിഐസിസി മീറ്റിംഗിൽ മേൽ അപേക്ഷ പി.ഡബ്ല്യു.ഡി (എൻ.എച്ച്) ലേക്ക് തന്നെ വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ആയതിൻപ്രകാരം 26.10.2021 ന് റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി റോഡ് ഡി.എൽ.പി യിൽ ആയതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. 19.08.2022 ന് വീണ്ടും റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചപ്പോൾ ടി റോഡ് ഡി.എൽ.പി യിൽ |

| | | | |
|---|---|---|---|
| | | | ആയതിനാൽ അപേക്ഷ നിരസിച്ചു. നിലവിൽ വീണ്ടും 23.02.2023 ന് റോ പോർട്ടൽ വഴി പി.ഡബ്ല്യു.ഡി (എൻ.എച്ച്) ഓഫീസിലേയ്ക്ക് അപേക്ഷ അയച്ചിട്ടുണ്ട്. ഡി.ഐ.സി.സി. മീറ്റിംഗുകളിലും ഉന്നതതലയോഗങ്ങളിലും പ്രസ്തുത വിഷയം ചർച്ച ചെയ്തു വരികയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ